# ക്ലാസ് –1

അധ്യായം

04



# ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും

1907 ജനുവരിയിലെ ഒരു ദിനം; കൽക്കത്തയ്ക്കടുത്തുള്ള ഒരു ഗ്രാമത്തിലെ കർഷകനായിരുന്ന ഗാംഗുലിന്റെ മകളുടെ വിവാഹമായിരുന്നു അന്ന്. മുറ്റത്തൊരുക്കിയ ചെറുപന്തലിൽ ധാരാളം അതിഥികളുണ്ടായിരുന്നു. അവരെയെല്ലാം മധുരപലഹാരങ്ങൾ നൽകിയാണ് ഗാംഗുലും ബന്ധുക്കളും സ്വീകരിച്ചത്. എന്നാൽ അവയിൽ പഞ്ചസാര ചേർത്തിരുന്നില്ല! പകരം ശർക്കരയായിരുന്നു ഉപയോഗിച്ചത്. ഇതേപ്പറ്റി അന്വേഷിച്ചവരോട് ഗാംഗുൽ അഭിമാനത്തോടെ പറഞ്ഞു: "നമ്മുടെ ദുരിതങ്ങൾക്കെല്ലാം കാരണക്കാർ ബ്രിട്ടീഷുകാരാണ്. അവരുടെ ഉൽപ്പന്നങ്ങൾ ബഹിഷ്കരിക്കാൻ നമ്മൾ തീരുമാനിച്ചിരുന്നല്ലോ. അതിനാലാണ് ബ്രിട്ടീഷ് ഉൽപ്പന്നമായ പഞ്ചസാര വേണ്ടെന്ന് വച്ചതും നമ്മുടെ ഉൽപ്പന്നമായ ശർക്കര ഉപയോഗിച്ചതും".


# ബ്രിട്ടീഷുകാർ  ഇന്ത്യയിൽ ആധിപത്യം നേടിയതിന് ശേഷം

–കച്ചവടത്തിന് വന്ന ബ്രിട്ടീഷുകാർ സൈനിക ശക്തിയിലൂടെയും നയതന്ത്രത്തിലൂടെയുമാണ് ഇന്ത്യയിലെ നാട്ടുരാജ്യങ്ങളെ കീഴടക്കിയത്.

– 1757 ലെ പ്ലാസി യുദ്ധം മുതൽ 1857 ലെ ഒന്നാം സ്വാതന്ത്ര്യ സമരം വരെയുള്ള നൂറ് വർഷങ്ങളിൽ ഇന്ത്യയിൽ ബ്രിട്ടീഷ് ആധിപത്യം സജീവമാവുകയും ഏകദേശം 63 % പ്രദേശങ്ങളും ബ്രിട്ടീഷ് കോളനികളാവുകയും ചെയ്തു.

–ഇതോടെ എല്ലാ മേഖലകളിലും ചൂഷണം ശക്തമായി.

–കർഷകർ, ഗോത്ര ജനതാ തൊഴിലാളികൾ, സൈനികർ എന്നിവരെല്ലാം ബ്രിട്ടീഷുകാരുടെ അധീനതയിലായി.


N
ബംഗാൾ
ഉൾക്കടൽ
അറബിക്കടൽ
അറബിക്കടൽ
ബ്രിട്ടീഷ് ഭരണത്തിൻ
കീഴിലുള്ള പ്രദേശങ്ങൾ
(1857)
സിലോൺ

# ബ്രിട്ടീഷ് നയങ്ങളുടെ പ്രത്യാഘാതങ്ങൾ

-ബ്രിട്ടീഷ് ആധിപത്യത്തിന്റെ ദുരിതം ആദ്യം അനുഭവിച്ചത് കർഷകരായിരുന്നു.

-ബ്രിട്ടീഷുകാർ നടപ്പാക്കിയ ഭൂനികുതി നയങ്ങളായിരുന്നു കർഷകരുടെ നട്ടെല്ലൊടിച്ചത്.

-പരമാവധി വരുമാനമുണ്ടാക്കുക എന്നതായിരുന്നു നികുതിനയത്തിന്റെ ലക്ഷ്യം.

-ബ്രിട്ടീഷ് ഭരണത്തിനു കീഴിലുള്ള വിവിധ പ്രദേശങ്ങളിൽ വ്യത്യസ്ത നികുതി സമ്പ്രദായങ്ങളാണ് നടപ്പിലാക്കിയത്.

# ഇന്ത്യയുടെ വിവിധ പ്രദേശങ്ങളിൽ ബ്രിട്ടീഷുകാർ നടപ്പിലാക്കിയ നികുതി സമ്പ്രദായങ്ങൾ

| ഭൂനികുതി വ്യവസ്ഥ | നടപ്പിലാക്കിയ പ്രദേശങ്ങൾ |
| --- | --- |
| ശാശ്വത ഭൂനികുതി വ്യവസ്ഥ | –ബംഗാൾ, ബിഹാർ, ഒറീസ എന്നീപ്രദേശങ്ങളിൽ നടപ്പിലാക്കി. |
| റയട്ടവാരി സമ്പ്രദായം | –ദക്ഷിണേന്ത്യൻ പ്രദേശങ്ങളിൽ നടപ്പിലാക്കി. |
| മഹൽവാരി വ്യവസ്ഥ | –വടക്കു പടിഞ്ഞാറൻ ഇന്ത്യയിൽ നടപ്പിലാക്കി. |

# ശാശ്വത ഭൂനികുതി വ്യവസ്ഥ

–ബംഗാൾ, ബിഹാർ, ഒറീസ
എന്നീപ്രദേശങ്ങളിൽ നടപ്പിലാക്കി.

–നികുതി പിരിച്ചിരുന്നത്
സെമീന്ദാർമാർ.

–നികുതി പിരിക്കുന്ന പ്രദേശത്തിന്റെ
ഉടമസ്ഥൻ സമീന്ദാർ ആയിരുന്നു.

–യഥാർഥ കർഷകർ
കുടിയാൻമാരായിമാറി.



കോൺവാലീസ് പ്രഭു

–വിളവിന്റെ 60 % വരെ നികുതിയായി നൽകണമായിരുന്നു.

–വിളവ് മോശമായാലും നികുതി നൽകണം.

–നിശ്ചിത തീയതിയിൽ നികുതി പണമായി നൽകണം.


–കോൺവാലീസ് പ്രഭു നടപ്പിലാക്കി.

# റയട്ടവാരി സമ്പ്രദായം

- ദക്ഷിണേന്ത്യൻ പ്രദേശങ്ങളിൽ നടപ്പിലാക്കി.
- കർഷകരിൽ നിന്ന് നേരിട്ട് നികുതി പിരിച്ചു.
- ഭൂമിയുടെ ഉടമസ്ഥൻ കർഷകൻ ആയിരുന്നു.
- നികുതി നിരക്ക് ഇടക്കിടക്ക് വർദ്ധിപ്പിച്ചിരുന്നു.



# മഹൽവാരി വ്യവസ്ഥ




-വടക്കു പടിഞ്ഞാറൻ ഇന്ത്യയിൽ നടപ്പിലാക്കി.

-ഗ്രാമത്തലവന്മാർ നികുതി പിരിച്ചു.

-ഒരു ഗ്രാമത്തെ (മഹൽ) ഒരു യൂണിറ്റായി കണക്കാക്കി നികുതി പിരിച്ചു.

-വില്യം ബെൻറിക്ക് കൊണ്ടുവന്നു.

BIJU KK, HST SS, GHSS T... MALAPPURAM. 9895...

# ബ്രിട്ടീഷുകാർ ഇന്ത്യയിൽ നടപ്പിലാക്കിയ ഭൂനികുതി നയത്തിന്റെ പ്രത്യാഘാതങ്ങൾ

(ബ്രിട്ടീഷുകാരുടെ നികുതി നയങ്ങൾ എങ്ങനെയാണ് കർഷകരെ കൊള്ളപ്പലിശക്കാരുടെ ചൂഷണത്തിലേക്ക് തള്ളിവിട്ടത്?)

-ഉയർന്ന നികുതി നിശ്ചിത തീയതിയിൽ പണമായി അടയ്ക്കാൻ കഴിയാതെ വന്ന കർഷകർക്ക് കൊള്ളപ്പലിശക്കാരിൽ നിന്നും പണം കടം വാങ്ങേണ്ടിവന്നു.

-കൃഷിയിടം പണയപ്പെടുത്തിയാണ് അവർ കടംവാങ്ങിയത്

-ഉയർന്ന പലിശ നിരക്കായിരുന്നു കർഷകരിൽ നിന്ന് ഈടാക്കിയത്

-കടവും പലിശയും അടയ്ക്കാൻ കഴിയാതെ വന്ന കർഷകരുടെ ഭൂമി കൊള്ളപ്പലിശക്കാർ കൈക്കലാക്കി.

# കൃഷിയുടെ വാണിജ്യവത്കരണം

-കർഷകർ നേരിട്ട മറ്റൊരു പ്രശ്നം കൃഷിയുടെ വാണിജ്യവത്കരണം ആയിരുന്നു.

-തന്റെ കുടുംബത്തിന്റെയും ഗ്രാമത്തിന്റെയും ആവശ്യത്തിന് കൃഷി ചെയ്തിരുന്ന കർഷകർ ബ്രിട്ടീഷ് കാലത്ത് വിപണി ലക്ഷ്യമാക്കി കൃഷി ചെയ്തു.

-ഭക്ഷ്യ വിളകൾക്ക് പകരം നാണ്യ വിളകൾ കൃഷി ചെയ്തു.

-ഈ മാറ്റമാണ് കൃഷിയുടെ വാണിജ്യ വൽക്കരണം.

–ഉയർന്ന നികുതി പണമായി, നിശ്ചയിക്കപ്പെട്ട തീയതിയിൽ തന്നെ നൽകേണ്ട സാഹചര്യം നേരിടാൻ കർഷകർ വിപണിയിൽ കൂടുതൽ വില ലഭിക്കുന്ന ഉൽപന്നങ്ങൾ കൃഷി ചെയതു.

–യൂറോപ്യൻ രാജ്യങ്ങൾക്കാവശ്യമായ ഉൽപന്നങ്ങൾക്കായിരുന്നു വിപണിയിൽ ഉയർന്ന വില.

–ഇന്ത്യൻ കൃഷിയിടങ്ങൾ യൂറോപ്പിനായി കൃഷി ചെയ്യാൻ തുടങ്ങി.

BIJU KK, HST SS, GHSS TUVVUR, MALAPPURAM. 9895693431F

# ബ്രിട്ടീഷ് ഭരണകാലത്ത് കൃഷി ചെയ്ത പ്രധാന വിളകൾ

| വിള | പ്രദേശം |
|---|---|
| – നീലം | – ബംഗാൾ, ബിഹാർ |
| – പരുത്തി | – മഹാരാഷ്ട്ര, പഞ്ചാബ് |
| – കരിമ്പ് | – ഉത്തർപ്രദേശ് |
| – തേയില | – ആസ്സാം, കേരളം |
| – ചണം | – ബംഗാൾ |
| – ഗോതമ്പ് | – പഞ്ചാബ് |

# ALL THE BEST

**By**

**BIJU K K, GHSS TUVVUR**
**MALAPPURAM**
**9895695437, 8075512478**

BIJU K K, HST SS, GHSS TUVVUR, MALAPPURAM. 9895695431